# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4193

03/02/2014 - ൽ മറുപടിക്ക്

### കൊല്ലം - കോട്ടപ്പുറം ജലപാതാനിർമ്മാണം

**ചോദ്യം**

ശ്രീ. ആർ. സെൽവരാജ്
ശ്രീ. കെ.അച്ചുതൻ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. എം.പി. വിൻസെന്റ്

(എ) കൊല്ലം-കോട്ടപ്പുറം ജലപാത യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

ബി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പ്രവർത്തികളുമായി സഹകരിക്കുന്നത്; വിശദീകരിക്കുമോ?

**ഉത്തരം**

ശ്രീ. പി.ജെ.ജോസഫ്
(ബഹു: ജലവിഭവ വകുപ്പ് മന്ത്രി)

(എ) & (ബി) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൂർണ്ണമായും മേൽനോട്ടവും ചുമതലയും വഹിക്കുന്നത് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ്. ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ IWAI അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 10-10-2012 ൽ ബഹു: ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. തുടർന്ന് 21-03-2013 ൽ ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു: ജലവിഭവ വകുപ്പുമന്ത്രി, ബഹു: മത്സ്യബന്ധനവും തുറമുഖവും വകുപ്പ് മന്ത്രി, ബഹു: തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ IWAI അധികൃതർ, മറ്റ് ബന്ധപ്പെട്ട സംസ്ഥാന സർക്കാർ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർക്കുകയും പ്രസ്തുത യോഗത്തിൽ, ഡ്രഡ്ജ് ചെയ്ത് ലഭിക്കുന്ന മണ്ണ് നിക്ഷേപിക്കുന്നത് സംബന്ധിച്ചുള്ള പ്രശ്നം പരിഹരിക്കുന്നതിന് സ്ഥലം എം.എൽ.എമാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, പോലീസ് അധികാരികൾ എന്നിവരുടെ സഹകരണത്തോടെ പ്രശ്നപരിഹാരം കണ്ടെത്തുവാൻ തീരുമാനം എടുക്കുകയും അപ്രകാരം തുടർനടപടികൾ സ്വീകരിച്ചും വരുന്നു. ഇതിനു പുറമെ 09-10-2013 ൽ ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ,

21-03-2013 ലെ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളുടെ പുരോഗതി വിലയിരുത്തുവാൻ യോഗം ചേരുകയും പ്രസ്തുത ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ട നടപടികൾ ത്വരിതപ്പെടുത്തുവാനും തീരുമാനിച്ചു. അപ്രകാരം ബന്ധപ്പെട്ട സംസ്ഥാന സർക്കാർ വകുപ്പുകൾ പ്രവർത്തിച്ചും വരുന്നു. ദേശീയ ജലപാത വികസനവുമായി ബന്ധപ്പെട്ട് ഇനി മുതൽ നീക്കം ചെയ്യുന്ന ലൈസൻസുള്ള ഊന്നി/ചീന വലകൾക്ക് മതിയായ നഷ്ടപരിഹാരം നല്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. 2014-ൽ കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത യാഥാർത്ഥ്യമാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ